പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 55

08.02.2016 ൽ മറുപടിക്ക്

## സിവിൽ സർവ്വീസ് ഉദ്യോഗസ്ഥ മേഖല

**ചോദ്യം: ശ്രീ. റ്റി.വി.രാജേഷ്**

**ഉത്തരം : ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

**(എ)** സിവിൽ സർവ്വീസ് ഉദ്യോഗസ്ഥ മേഖല അഴിമതി രഹിതവും കാര്യക്ഷമവും ആക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**(എ)** അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനായി കേന്ദ്ര സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുന്നുണ്ട്. കൂടാതെ സിവിൽ സർവ്വീസ് മേഖല അഴിമതി രഹിതമാക്കാനും ആഭ്യന്തര പ്രശ്നങ്ങൾ ഒഴിവാക്കാനും ഉദ്യോഗസ്ഥരെ നിരീക്ഷിക്കുകയും അഴിമതിക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**(ബി)** മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് സെക്രട്ടറി, ഡി.ജി.പി. എന്നിവരെ ആരെയെങ്കിലും സംബന്ധിച്ച് സംസ്ഥാന സിവിൽ സർവ്വീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതി നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവരുടെ പരാതികൾ എന്തെല്ലാം; വിശദമാക്കാമോ;

**(ബി)** മുഖ്യമന്ത്രിക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡി.ജി.പിയും കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. (KL:1985) ഒരു പരാതി സമർപ്പിച്ചിരുന്നു. പരാതി അടിസ്ഥാനരഹിതമാണെന്ന് കണ്ടതിനാൽ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് പരാതി തീർപ്പാക്കുകയുണ്ടായി.

**(സി)** നിലവിൽ ഡി.ജി.പി. റാങ്കിൽ എത്തിയ എത്ര ഐ.പി.എസ്. ഉദ്യോഗസ്ഥരുണ്ട്; ഇവരിൽ ഡി.ജി.പി. റാങ്കിലെ വേതനം ലഭിക്കുന്ന തസ്തികകളിൽ നിയമനം നൽകിയത് ആർക്കെല്ലാം; നിയമനം നൽകാതിരുന്നത് ആർക്കെല്ലാം; വ്യക്തമാക്കാമോ;

**(സി)** സംസ്ഥാനത്ത് ഡി.ജി.പി. റാങ്കിൽ 4 ഐ.പി.എസ്. ഉദ്യോഗസ്ഥരുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഡി.ജി.പി. റാങ്കിലെ വേതനം ലഭിക്കുന്ന തസ്തികകളിൽ തന്നെയാണ് നിയമനം നൽകിയിരിക്കുന്നത്.

**(ഡി)** ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിക്കേണ്ട തസ്തികകളിൽ എ.ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിച്ചത് സംബന്ധിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിക്കും മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും പരാതി നല്കിയിട്ടുണ്ട്; ഇതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

**(ഡി)** ഡി.ജി.പി. റാങ്കിലുള്ള കേഡർ തസ്തികയായ ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഒഴിച്ചിട്ടുകൊണ്ട് ex-cadre തസ്തികകളിൽ നിയമനം നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. ലോക് നാഥ് ബെഹ്റ ഐ.പി.എസ്., ശ്രീ. റിഷി രാജ് സിംഗ് ഐ.പി.എസ്. എന്നിവർ പരാതി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ സർക്കാരിന്റെ പരിശോധനയിലാണ്.

**സെക്ഷൻ ഓഫീസർ**